Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2019/1614 (25) തീയതി: 22.11.2019

## സർക്കുലർ

വിഷയം:- കൈറ്റ് - പ്രൊബേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ KOOL ഓൺലൈൻ പരിശീലനത്തിന്റെ പുതിയ ബാച്ച് തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. 01.12.2018 -ലെ സ.ഉ(സാധാ) നം. 5068/2018/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

2. 28.10.2019 ലെ പന്ത്രണ്ടാം കൈറ്റ് ഡയറക്ടർ ബോർഡ് മീറ്റിങ്ങിന്റെ മിനിട്ട്സ്

കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള KITEs OPEN ONLINE LEARNING (KOOL) വഴി നൽകുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് അധ്യാപകർക്ക് പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡമായി സൂചന 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ അടിസ്ഥാന ഐസിടി പരിശീലനങ്ങൾ തുടർന്ന് നടത്തുന്നത് സംബന്ധിച്ച് സൂചന 2 പ്രകാരം തീരുമാനിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ബാച്ചിന്റെ പരിശീലനം ആരംഭിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കോഴ്സുകൾ Normal, Premium എന്നീ മോഡുകളിൽ നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. രണ്ട് മോഡുകളുടെയും വിശദാംശം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു.
2. Premium മോഡിന്റെ ആദ്യ ബാച്ച് പരിശീലനം 14/12/2019 മുതൽ ആരംഭിക്കുന്നതാണ്. അതിനാൽ പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ (രണ്ട് മോഡിലും -- Normal/Pemium മോഡ്) 05.12.2019-ന് മുമ്പ് സമഗ്രപോർട്ടലിൽ തങ്ങളുടെ ലോഗിനിൽ ലഭ്യമാകുന്ന **KOOL REGISTRATION** എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. 27.11.2019 മുതൽ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാകും. ***മുമ്പ് രജിസ്റ്റർ ചെയ്തിട്ട് പരിശീലനം ലഭിക്കാത്തവർ വീണ്ടും രജിസ്ട്രേഷൻ നടത്തേണ്ടതാണ് .***
3. രജിസ്റ്റർ ചെയ്യുമ്പോൾ ഏതു മോഡിലുള്ള പരിശീലനമാണ് ആവശ്യമുള്ളതെന്ന് ( Normal / Premium) അധ്യാപകർ തെരഞ്ഞെടുക്കേണ്ടതാണ്.
4. 01/12/2018-നു ശേഷം ജോലിയിൽ പ്രവേശിച്ച അധ്യാപകർ മാത്രമാണ് ഈ കോഴ്സിന് അപേക്ഷിക്കേണ്ടത്.
5. Normal, Premium എന്നീ മോഡുകളിലേയ്ക്ക് അപേക്ഷിച്ച അധ്യാപകരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് 07/12/2019-നകം ജില്ലാ കോർഡിനേറ്റർമാർക്ക് ലഭ്യമാക്കുന്നതാണ്. അധ്യാപകരുടെ എണ്ണത്തിനനുസരിച്ച് 20 അംഗങ്ങൾ വീതമുള്ള ബാച്ചുകളായി തിരിച്ച് പരിശീലനം ക്രമീകരിക്കേണ്ടതാണ്.
6. ആദ്യം പ്രൊബേഷൻ പൂർത്തിയാക്കേണ്ട അധ്യാപകർക്ക് മുൻഗണന ലഭിക്കുന്ന വിധത്തിലാണ് ബാച്ചുകൾ ക്രമീകരിക്കേണ്ടത്.

7. ഓരോ ബാച്ചിനുമുള്ള മെന്റർമാരെ ജില്ലാ കോർഡിനേറ്റർ നിയോഗിക്കേണ്ടതാണ്. മാസ്റ്റർ ട്രെയിനർമാരെ ആവശ്യമെങ്കിൽ, ജില്ലാ കോർഡിനേറ്റർമാർ പരസ്പരം ആലോചിച്ച് ജില്ലാ വ്യത്യാസമില്ലാതെയും, മെന്റർമാരായി നിയോഗിക്കേണ്ടതാണ്.

8. Premium മോഡ് പരിശീലനത്തിനായി തെരഞ്ഞെടുക്കുന്ന പഠിതാക്കൾക്ക് കോൺടാക്ട് ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള അറിയിപ്പ് 09/12/2019 ന് മുമ്പ് മെന്റർമാർ മുഖേന നൽകേണ്ടതാണ്.

9. പരിശീലനത്തിനായി ക്രമീകരിച്ച ബാച്ചുകളുടെ വിശദാംശങ്ങൾ (മെന്ററുടെ പേര്, കോൺടാക്ട് ക്ലാസിന് അനുവദിക്കുന്ന കേന്ദ്രത്തിന്റെ പേര് എന്നിവ ഉൾപ്പടെ) കൂൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനായി 11.12.2019-നകം സ്റ്റേറ്റ് ഓഫീസിലേക്ക് ജില്ലാ കോർഡിനേറ്റർമാർ നൽകേണ്ടതാണ്.

10. Premium മോഡ് തെരഞ്ഞെടുക്കുന്ന പഠിതാക്കൾ കോഴ്സ് ഫീസായി 1000/- രൂപ അടക്കേണ്ടതാണ്. ഈ തുക ജി എസ് ടി ഉൾപ്പടെ 1180/- രൂപയുടെ (ആയിരത്തി ഒരു നൂറ്റി എൺപത് രൂപ) **Kerala Infrastructure and Technology for Education** എന്ന പേരിൽ **തിരുവനന്തപുരത്ത്** മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി ആദ്യ കോണ്ടാക്ട് ക്ലാസിൽതന്നെ മെന്ററെ ഏല്പിക്കേണ്ടതാണ്.

11. ആദ്യ കോൺടാക്ട് ക്ലാസ്സിൽ പങ്കെടുക്കാൻ വരുമ്പോൾ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ ഒരു തിരിച്ചറിയൽ രേഖയുടെ കോപ്പിയും പൂരിപ്പിച്ച Identification Certificate ഉം കൊണ്ടു വരുന്നതിനുള്ള അറിയിപ്പ് പഠിതാക്കൾക്ക് മെന്റർമാർ നൽകേണ്ടതാണ്. ഇതിനായി Identification Certificate ന്റെ സോഫ്റ്റ് കോപ്പി പഠിതാക്കൾക്ക് മുൻകൂട്ടി ലഭ്യമാക്കേണ്ടതാണ്. (അനുബന്ധം -2 )

12. IT@School GNU/Linux 18.04 ഓപ്പറേറ്റിംഗ് സിസ്റ്റം അടിസ്ഥാനമാക്കിയാണ് പുതിയ ബാച്ചുകൾക്ക് പരിശീലനം ക്രമീകരിക്കേണ്ടത്.

13. പരിശീലന പരിപാടിയിൽ ഉപയോഗിക്കേണ്ട മൊഡ്യൂളും ഓപ്പറേറ്റിംഗ് സിസ്റ്റം അടിസ്ഥാനമാക്കി തയാറാക്കിയ അനുബന്ധ മെറ്റീരിയലുകളും 12.12.2019-നകം ജില്ലകളിലേയ്ക്ക് ലഭ്യമാക്കുന്നതാണ്. പുതുക്കിയ പഠന വിഭവങ്ങൾ കോണ്ടാക്ട് ക്ലാസ്സിനു മുമ്പായി കൂൾ സൈറ്റിൽ ക്രമീകരിക്കുന്നതാണ്.

14. ഓരോ ബാച്ചിലേക്കും തെരഞ്ഞെടുത്തിരിക്കുന്ന പഠിതാക്കൾ, മെന്റർമാർ, കോൺടാക്ട് ക്ലാസിന് അനുവദിക്കുന്ന കേന്ദ്രം തുടങ്ങിയ വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തോടൊപ്പം പ്രത്യേക രജിസ്റ്ററിൽ ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതും വിശദാംശങ്ങളുടെ സോഫ്റ്റ്കോപ്പി സ്റ്റേറ്റ് ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർ / മാസ്റ്റർ ട്രെയിനർമാർക്കും
} തുടർപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന്

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(ജില്ലാ കോർഡിനേറ്റർ മുഖേന)
അക്കൗണ്ട്സ്/അക്കാദമിക് വിഭാഗം
സ്റ്റോക് ഫയൽ

അനുബന്ധം -1

**Course name: Basic ICT Training for Teachers**

| | PREMIUM MODE | NORMAL MODE |
|---|---|---|
| **Materials** | • Help files (PDF and Video)<br>• Additional video Tutorials<br>• Additional materials for Educational software tools | • Help files (PDF and Video) |
| **Mentoring** | • Mentoring available through out the course.<br>• Communication and problem solving through Phone, discussion forum and messaging.<br>• Weekend chat sessions<br>• Hands on training on SAMAGRA | • Mentoring not available |
| **Content** | • Prescribed content for Basic ICT training. | • Prescribed content for Basic ICT training. |
| **Contact Class** | • Minimum **TWO** contact classes<br>• Video classes | • No contact class |
| **Fee Structure** | • Course Fee - ₹1000/- + GST @ 18% | • NIL |

അനുബന്ധം - 2

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

KOOL
KITE's OPEN ONLINE LEARNING

# IDENTIFICATION CERTIFICATE

| Batch Number: | | Centre Name: | |
|---|---|---|---|
| Register Number: | | PEN | |

| Name (in CAPITAL letters, as in service records) | |
|---|---|
| Signature | |
| School Name | |

Photo

(to be attested by Headmaster / Headmistress)

Place :

Date :

Signature of HM / Principal

(Office Seal)